**ഭരണഭാഷ – മാതൃഭാഷ**

പൊതു വിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കന്ററി വിഭാഗം, ന്യൂ ബിൽഡിംഗ്,
ജഗതി, തിരുവനന്തപുരം - 14.

നം. ഫിൻ.സി.5/18965/2024/എച്ച്.എസ്.ഇ. തീയതി: 08-06-2025

**പരിപത്രം**

വിഷയം:- പൊ.വി.വ - ഹ.സെ.വി - സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ വിവിധ ലാബ് ഉപകരണങ്ങൾ വിതരണം ചെയ്തതിലെ ക്രമക്കേടുകൾ പരിഹരിഹരിക്കുന്നത്- സംബന്ധിച്ച്.

സൂചന :- പൊതു വിദ്യാഭ്യാസ (എം) വകുപ്പിന്റെ 31/07/2024 ലെ കത്ത് നം. ജിഇഡിഎൻ/എം1/190/2020.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2011-12 വാർഷിക പദ്ധതി പ്രകാരം സംസ്ഥാനത്തെ 212 സർക്കാർ ഹയർ സെക്കൻററി സ്കൂളുകളിൽ വിതരണം ചെയ്ത ലാബ് ഉപകരണങ്ങളുടെയും മറ്റിനങ്ങളുടെയും സ്പെസിഫിക്കേഷൻ, ഗുണനിലവാരം എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ സഹായത്തോടെ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി തിരഞ്ഞെടുത്ത സ്കൂളുകളിലെ പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തണമെന്ന ഈ കാര്യാലയത്തിന്റെ 22/01/2013 ലെ സർക്കുലർ നം. ഫിൻ.സി5/2915/2012/എച്ച്.എസ്.ഇ കൃത്യമായി പാലിക്കാത്തതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ വീഴ്ച വരുത്തിയ പ്രിൻസിപ്പൽമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ ഹയർ സെക്കന്ററി വിഭാഗത്തിന്റെ പർച്ചേസുകളിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനും സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകളും ഭരണാനുമതി ഉത്തരവിലെ നിർദ്ദേശങ്ങളും കർശനമായി പാലിച്ച് കൊണ്ട് സമയ ബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിനും, കരാറുകാരൻ ലഭ്യമാക്കുന്ന ഇനങ്ങളുടെ ഗുണനിലവാരവും സ്പെസിഫിക്കേഷനിലെ കൃത്യതയും ഉറപ്പ് വരുത്തുന്നതിനും ഇതിന് വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ആയി എല്ലാമേഖല ഉപമേധാവിമാർക്കും/ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്കും കർശന നിർദ്ദേശം നൽകുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

Signed by
Shanavas S
Date: 08-06-2025 16:07:38

1. എല്ലാ മേഖല ഉപമേധാവിമാർക്കും.

2. എല്ലാ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്കും.